സൂറഃ-7

# അൽ അഅ്റാഫ്

**154.** ക്ഷോഭമടങ്ങിയപ്പോൾ മൂസാ ഫലകങ്ങൾ കൈയിലെടുത്തു. അതിന്റെ പകർപ്പിൽ സന്മാർഗ ദർശനവും ദൈവകാരുണ്യവുമുണ്ടായിരുന്നു- വിധാതാവിന്റെ കാര്യത്തിൽ നിതാന്ത ജാഗ്രത പാലിക്കുന്നവർക്ക്.

وَلَمَّا سَكَتَ عَن مُّوسَى ٱلْغَضَبُ أَخَذَ ٱلْأَلْوَاحَ ۖ وَفِى نُسْخَتِهَا هُدًى وَرَحْمَةٌ
لِّلَّذِينَ هُمْ لِرَبِّهِمْ يَرْهَبُونَ ﴿١٥٤﴾

**155.** നാം നിശ്ചയിച്ച സമയത്ത് ഹാജരാകാൻ മൂസാ സ്വജനത്തിൽനിന്ന് എഴുപതാളെ തെരഞ്ഞെടുത്തു. അവരെ ഭയങ്കരമായ പ്രകമ്പനം ബാധിച്ചപ്പോൾ മൂസാ ബോധിപ്പിച്ചു: നാഥാ, നീ ഇഛിച്ചെങ്കിൽ മുമ്പുതന്നെ ഇവരെയും എന്നെയും നശിപ്പിക്കാമായിരുന്നുവല്ലോ. ഞങ്ങളിൽപെട്ട ചില മൂഢന്മാർ ചെയ്ത കുറ്റത്തിന്റെ പേരിൽ നീ ഞങ്ങളെ മുഴുവനായി നശിപ്പിക്കുകയാണോ? അതാവട്ടെ നിന്റെ പരീക്ഷണം തന്നെയാകുന്നു. അതുവഴി നീ ഇഛിക്കുന്നവരെ ദുർമാർഗത്തിലാക്കുകയും നീ ഇഛിക്കുന്നവരെ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു. നീ മാത്രമാകുന്നു ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ ഞങ്ങൾക്ക് പൊറുത്തുതരേണമേ! ഞങ്ങളോട് കരുണ കാട്ടേണമേ! ഉദാരമായി മാപ്പരുളുന്നവൻ തന്നെയാണല്ലോ നീ.

وَٱخْتَارَ مُوسَىٰ قَوْمَهُۥ سَبْعِينَ رَجُلًا لِّمِيقَٰتِنَا ۖ فَلَمَّآ أَخَذَتْهُمُ
ٱلرَّجْفَةُ قَالَ رَبِّ لَوْ شِئْتَ أَهْلَكْتَهُم مِّن قَبْلُ وَإِيَّٰىَ ۖ أَتُهْلِكُنَا
بِمَا فَعَلَ ٱلسُّفَهَآءُ مِنَّآ ۖ إِنْ هِىَ إِلَّا فِتْنَتُكَ تُضِلُّ بِهَا مَن تَشَآءُ وَتَهْدِى
مَن تَشَآءُ ۖ أَنتَ وَلِيُّنَا فَٱغْفِرْ لَنَا وَٱرْحَمْنَا ۖ وَأَنتَ خَيْرُ ٱلْغَٰفِرِينَ
﴿١٥٥﴾

**156.** ഈ ഭൗതികലോകത്തും പരലോകത്തും ഞങ്ങൾക്ക് നന്മ രേഖപ്പെടുത്തേണമേ! ഞങ്ങൾ നിന്നിലേക്കു മടങ്ങിയിരിക്കുന്നു. അല്ലാഹു അരുൾ ചെയ്തു: എന്റെ ശിക്ഷ ഞാനുദ്ദേശിക്കുന്നവരെ ബാധിക്കുന്നതാകുന്നു. എന്നാൽ എന്റെ കാരുണ്യം സകലത്തെയും ഉൾക്കൊണ്ടിരിക്കുന്നു. ദൈവഭക്തിയോടെ വാഴുകയും സകാത്ത്കൊടുക്കുകയും ചെയ്യുന്നവരുടെ - നമ്മുടെ സൂക്തങ്ങളിൽ വിശ്വസിക്കുന്നവരും അവർതന്നെ- പേരിൽ നാം അത് രേഖപ്പെടുത്തുന്നുണ്ട്.

۞ وَٱكْتُبْ لَنَا فِى هَٰذِهِ ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ إِنَّا هُدْنَآ إِلَيْكَ ۚ
قَالَ عَذَابِىٓ أُصِيبُ بِهِۦ مَنْ أَشَآءُ ۖ وَرَحْمَتِى وَسِعَتْ كُلَّ شَىْءٍ ۚ فَسَأَكْتُبُهَا
لِلَّذِينَ يَتَّقُونَ وَيُؤْتُونَ ٱلزَّكَوٰةَ وَٱلَّذِينَ هُم بِـَٔايَٰتِنَا يُؤْمِنُونَ
﴿١٥٦﴾

وَلَمَّا سَكَتَ = അടങ്ങിയപ്പോൾ عَن مُّوسَى = മൂസായിൽനിന്ന് ٱلْغَضَبُ = ക്ഷോഭം أَخَذَ = (മൂസാ കൈയിൽ) എടുത്തു
ٱلْأَلْوَاحَ = ഫലകങ്ങൾ وَفِى نُسْخَتِهَا = അതിന്റെ പകർപ്പുകളിൽ, രേഖകളിൽ ഉണ്ട് (ഉണ്ടായിരുന്നു) هُدًى = സന്മാർഗദർശനം
وَرَحْمَةٌ = (ദൈവ) കാരുണ്യവും لِّلَّذِينَ هُمْ لِرَبِّهِمْ = (വിധാതാവിന്റെ കാര്യത്തിൽ) ആരാണോ അവരുടെ റബ്ബിനു മാത്രം
يَرْهَبُونَ = അവർ ഭയപ്പെടുന്നു (നിതാന്ത ജാഗ്രത പാലിക്കുന്നവർക്ക്) وَٱخْتَارَ مُوسَىٰ = മൂസാ തെരഞ്ഞെടുത്തു

പുരുഷന്മാരാൽ (ആളെ) = رَجُلًا എഴുപത് = سَبْعِينَ സ്വജനത്തെ (ജനത്തിൽനിന്ന്) = قَوْمَهُۥ

അവരെ പിടികൂടി, ബാധിച്ചപ്പോൾ = فَلَمَّآ أَخَذَتْهُمُ നമ്മുടെ നിശ്ചിതസമയത്തിന്(സമയത്ത് ഹാജരാകാൻ) = لِّمِيقَـٰتِنَا

നീ ഇഛിച്ചെങ്കിൽ = لَوْ شِئْتَ എന്റെ നാഥാ = رَبِّ പറഞ്ഞു (മൂസാ ബോധിപ്പിച്ചു) = قَالَ (ഭയങ്കരമായ) പ്രകമ്പനം = ٱلرَّجْفَةُ

എന്നെയും = وَإِيَّـٰىَ മുമ്പ് (തന്നെ) = مِّن قَبْلُ നീ അവരെ നശിപ്പിച്ചു (ഇവരെ നശിപ്പിക്കാമായിരുന്നു) = أَهْلَكْتَهُم

(ചില) മൂഢന്മാർ ചെയ്തതി(കുറ്റത്തി)ന് = بِمَا فَعَلَ ٱلسُّفَهَآءُ നീ ഞങ്ങളെ (മുഴുവൻ) നശിപ്പിക്കുകയാണോ = أَتُهْلِكُنَا

നിന്റെ പരീക്ഷണമല്ലാതെ(ണം തന്നെയാകുന്നു) = إِلَّا فِتْنَتُكَ അത് അല്ല (ആവട്ടെ, ആകുന്നു) = إِنْ هِىَ ഞങ്ങളിൽ പെട്ട = مِنَّآ

നീ സന്മാർഗത്തിലാക്കുന്നു = وَتَهْدِى നീ ഇഛിക്കുന്നവരെ = مَن تَشَآءُ അതുവഴി നീ ദുർമാർഗത്തിലാക്കുന്നു = تُضِلُّ بِهَا

ഞങ്ങളുടെ രക്ഷാധികാരി = وَلِيُّنَا നീ (മാത്ര)മാകുന്നു = أَنتَ നീ ഇഛിക്കുന്നവരെ = مَن تَشَآءُ

ഞങ്ങളോട് കരുണ കാട്ടുകയും ചെയ്യേണമേ = وَٱرْحَمْنَا ആകയാൽ നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ = فَٱغْفِرْ لَنَا

പൊറുക്കുന്നവരിൽ ഉത്തമൻ (ഏറ്റം ഉദാരമായി മാപ്പരുളുന്നവൻ) = خَيْرُ ٱلْغَـٰفِرِينَ നീ (തന്നെ)യാണല്ലോ = وَأَنتَ

നന്മ = حَسَنَةً ഈ ഭൗതികലോകത്ത് = فِى هَـٰذِهِ ٱلدُّنْيَا ഞങ്ങൾക്ക് നീ രേഖപ്പെടുത്തേണമേ = وَٱكْتُبْ لَنَا

നിന്നിലേക്ക് = إِلَيْكَ മടങ്ങിയിരിക്കുന്നു, സന്മാർഗം സ്വീകരിച്ചിരിക്കുന്നു = هُدْنَآ ഞങ്ങൾ = إِنَّا പരലോകത്തും = وَفِى ٱلْـَٔاخِرَةِ

ഞാൻ അത് ഏൽപിക്കും (ബാധിക്കുന്നതാകുന്നു) = أُصِيبُ بِهِۦ എന്റെ ശിക്ഷ = عَذَابِىٓ (അല്ലാഹു) അരുൾ ചെയ്തു = قَالَ

(എന്നാൽ) എന്റെ കാരുണ്യം = وَرَحْمَتِى ഞാൻ ഇഛിക്കുന്നവർക്ക് = مَنْ أَشَآءُ

സകല വസ്തുവിനെയും = كُلَّ شَىْءٍ വിശാലമായിരിക്കുന്നു, ഉൾക്കൊണ്ടിരിക്കുന്നു = وَسِعَتْ

സൂക്ഷ്മത പാലിക്കുന്നവർക്ക് (ദൈവഭക്തിയോടെ വാഴുകയും) = لِلَّذِينَ يَتَّقُونَ ഞാൻ അത് രേഖപ്പെടുത്തുന്നുണ്ട് = فَسَأَكْتُبُهَا

അവർ തന്നെയാകുന്നു = وَٱلَّذِينَ هُم സകാത്ത് കൊടുക്കുകയും ചെയ്യുന്നവരുടെ പേരിൽ = وَيُؤْتُونَ ٱلزَّكَوٰةَ

വിശ്വസിക്കുന്ന(വർ) = يُؤْمِنُونَ നമ്മുടെ സൂക്തങ്ങളിൽ, ദൃഷ്ടാന്തങ്ങളിൽ = بِـَٔايَـٰتِنَا

**154:** 'ക്ഷോഭമടങ്ങിയപ്പോൾ മൂസാ ഫലകങ്ങൾ കൈയിലെടുത്തു' എന്ന വാക്യം അദ്ദേഹം അതെറിഞ്ഞുകളഞ്ഞത് മനഃപൂർവം അതിനെ അനാദരിച്ചുകൊണ്ടോ അവഗണിച്ചുകൊണ്ടോ ആയിരുന്നില്ല; പ്രത്യുത അത് കോപാവേശത്തിൽ ഉളവായ ഒരു ചേഷ്ട മാത്രമായിരുന്നു എന്ന് സൂചിപ്പിക്കുന്നു. نسخة-ന് പകർപ്പ് എന്നും എഴുത്ത് എന്നും അർഥവുമുണ്ട്. അതിൽനിന്നുള്ള نسخ എന്ന ക്രിയക്ക് മായ്ച്ചു എന്ന അർഥമുണ്ട്. نسخة-ന്റെ പകർപ്പ്, എഴുത്ത് എന്നീ രണ്ടർഥവും ഇവിടെ സാധുവാകുന്നു. മൂസാക്ക് ലഭിച്ച ആ ഫലകങ്ങളുടെ പകർപ്പുകളിൽ ദൈവഭയമുള്ളവർക്കു വേണ്ട സന്മാർഗനിർദേശങ്ങളും ദൈവസ്നേഹവുമുണ്ടായിരുന്നു. അല്ലെങ്കിൽ ആ ഫലകങ്ങളിൽ സന്മാർഗ നിർദേശങ്ങളും ദൈവസ്നേഹവും രേഖപ്പെടുത്തിയിരുന്നു. അസൽ തൗറാത്ത് ഈ ഫലകങ്ങളുടെ പകർപ്പായതിനാൽ തൗറാത്തിനെത്തന്നെ ഫലകങ്ങളുടെ പകർപ്പ് എന്നു വ്യവഹരിച്ചതുമാകാം. ഖുർആൻ സന്മാർഗദർശനത്തെയും ദൈവസ്നേഹത്തെയും ഒരുമിച്ച് പരാമർശിക്കാറുള്ളത് തുടക്കത്തെയും ഒടുക്കത്തെയും ഉദ്ദേശിച്ചാണ്. സന്മാർഗാചരണത്തിന്റെ പര്യവസാനം ദൈവകാരുണ്യമാകുന്ന സ്വർഗലബ്ധിയാണല്ലോ. വേദത്തിൽ സന്മാർഗവും ദൈവസ്നേഹവുമുണ്ട് എന്നതിന്റെ താൽപര്യം ദൈവദാസന്മാർക്ക് അവന്റെ അപാരമായ സ്നേഹ സാമ്രാജ്യത്തിലെത്തിച്ചേരാനുള്ള മാർഗനിർദേശങ്ങളാണതിലുള്ളത് എന്നാണ്. ദൈവഭക്തന്മാർക്ക് സന്മാർഗദർശകം - هُدًى لِّلْمُتَّقِينَ - എന്നും وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ –ഖുർആനിനാൽ നാം വിശ്വാസികൾക്ക് ശമനവും കാരുണ്യവുമായതിനെ അവതരിപ്പിക്കുന്നു– എന്നും ഖുർആനെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്.

لِلَّذِينَ هُمْ لِرَبِّهِمْ يَرْهَبُونَ എന്ന വാക്യത്തെയാണ് 'തങ്ങളുടെ വിധാതാവിന്റെ കാര്യത്തിൽ നിതാന്ത ജാഗ്രത പാലിക്കുന്നവർക്ക്' എന്ന് തർജമ ചെയ്തിട്ടുള്ളത്. رهبة-ൽനിന്നുള്ളതാണ് يَرْهَبُونَ എന്ന ക്രിയാപദം. خشية—خوف—رعب തുടങ്ങിയ പദങ്ങളുടെ പര്യായമായി ഇതുപയോഗിക്കാറുണ്ട്. ആ അർഥം സ്വീകരിച്ചുകൊണ്ട് 'അല്ലാഹുവിനെ പേടിക്കുന്നവർക്ക്' എന്നും തർജമ ചെയ്യാവുന്നതാണ്. ഭയപ്പെടുന്നതിന്റെ മഹത്വത്തെ സംബന്ധിച്ച ബോധവും അതിന്റെ അപ്രീതിയിൽനിന്ന് രക്ഷപ്പെടാനുള്ള ത്വരയും ചേർന്ന് സ്ഥിരമായി നിൽക്കുന്ന ഭയമാണ് رهبة-ന്റെ മൗലികമായ അർഥം. അത് പരിഗണിച്ചുകൊണ്ടാണ് ഇവിടെ നിതാന്ത ജാഗ്രത എന്ന് അർഥം നൽകിയിട്ടുള്ളത്. للذين هم يرهبون ربهم എന്നാണ് വാക്യത്തിന്റെ സാധാരണ രൂപം. ക്രിയക്കു മുമ്പ് കർമം വന്നതുകൊണ്ടാണ് لِرَبِّهِمْ എന്ന് 'ل' ചേർത്ത് പറഞ്ഞത്. മുത്തഖികളുടെ വിശദീകരണമാണിത്. അതായത് അല്ലാഹുവിനെ ഭയപ്പെടുകയും അവനെ മഹത്വപ്പെടുത്തുകയും അവന്റെ ശാസനകൾ സൂക്ഷ്മതയോടെ അനുസരിക്കുകയും ചെയ്യുന്നവരാണ് തഖ്‌വയുള്ളവർ. അത്തരമാളുകൾക്കുള്ള മാർഗദർശനവും ദൈവകാരുണ്യവുമാണ് വേദങ്ങൾ ഉൾക്കൊള്ളുന്നത്.

സംസാരബന്ധങ്ങൾ ത്യജിച്ച് ദൈവോപാസനയിൽ മാത്രം നിരതമായ ജീവിതരീതിയെ رهبانية എന്നും അത്തരം ജീവിതരീതി സ്വീകരിച്ച സന്യാസിയെയും പുരോഹിതനെയും راهب എന്നും പറയും. എന്നാൽ ഖുർആൻ വിശ്വാസികളിൽനിന്ന് ആവശ്യപ്പെടുന്ന رهبة-ൽ സംസാരവിരക്തിയും ഏകാന്ത ധ്യാനവും ഉൾപ്പെടുന്നില്ല. സംസാരജീവിതം വെടിഞ്ഞ് ബ്രഹ്മചാരിയായി ഏകാന്ത ജീവിതം നയിക്കുന്ന رهبة-നെ ഉദ്ദേശിച്ചാണ് لارهبانية فى الإسلام (ഇസ്‌ലാമിൽ റുഹ്ബാനിയ്യത്ത് ഇല്ല) എന്ന് നബി(സ) പ്രസ്താവിച്ചിട്ടുള്ളത്. ഇസ്‌ലാം

ആവശ്യപ്പെടുന്ന *റുഹ്ബത്ത്* എല്ലാ ജീവിതകാര്യങ്ങളെയും അല്ലാഹുവിന്റെ അപ്രീതി ഭയന്നും അവന്റെ വിധിവിലക്കുകൾ അനുസരിച്ചും കൈയാളുകയാണ്. അത് ആവശ്യപ്പെടുന്നത് ഒറ്റപ്പെട്ട വ്യക്തികളോടുമല്ല; പൊതുസമൂഹത്തോടാണ്. മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം സമൂഹവും കുടുംബവും മറ്റു ലൗകിക ബന്ധങ്ങളും അല്ലാഹുവിനോടുണ്ടാകേണ്ട رهبة-നെ തടയുന്ന ഘടകങ്ങളല്ല. പ്രത്യുത അവയെല്ലാം رهبة പ്രാവർത്തികമാകേണ്ട ഘടകങ്ങളാണ്.

**155,156:** കാളക്കിടാവിനെ ആരാധിച്ചു എന്ന മഹാപരാധത്തിന് മാപ്പിരക്കാൻ നിശ്ചിത സമയത്ത് സീനായിലെ നിശ്ചിത സ്ഥലത്ത് ഹാജരാകാൻ അല്ലാഹു ഇസ്രായേൽ സമുദായത്തോട് കൽപിച്ചു. അതനുസരിച്ച് മൂസാ(അ) എല്ലാ ഇസ്രായേൽ ഗോത്രങ്ങളിൽനിന്നുമായി എഴുപത് നേതാക്കളെ സമുദായത്തിന്റെ പ്രതിനിധികളായി തെരഞ്ഞെടുക്കുകയും അവരെയും കൂട്ടി സീനായിലെത്തുകയും ചെയ്തു. അവിടെ വെച്ച് ഭീകരമായ ഒരു കിടിലം അവരെ ബാധിച്ചു. ഭൂകമ്പമായിരുന്നുവോ ഇടിവെട്ടായിരുന്നുവോ അതല്ല വല്ല രോഗവുമായിരുന്നുവോ ഇതിന്റെ കാരണമെന്ന് വ്യക്തമല്ല. മഹാപരാധികളായി ഹാജരാക്കപ്പെട്ടവരെ, എത്ര ഉഗ്രപ്രതാപിയും അപാരശക്തനുമായവനെയാണ് തങ്ങൾ ധിക്കരിച്ചതെന്ന് ബോധ്യപ്പെടുത്തിയതാവാം അല്ലാഹു ഇതുവഴി. ഈ കിടിലത്തോടെ അവരെല്ലാം മരിച്ചു വീണു എന്നും പിന്നീട് മൂസാ(അ)യുടെ പ്രാർഥനയെത്തുടർന്ന് ഉയിർത്തെഴുന്നേൽപിക്കപ്പെട്ടുവെന്നും ചില നിവേദനങ്ങളിൽ പറയുന്നുണ്ട്. ഖുർആൻ അങ്ങനെ പറയുന്നില്ല. എങ്കിലും കിടിലത്തിന്റെ ഭീകരത കണ്ട് അവരൊക്കെയും നശിപ്പിക്കപ്പെടുകയാണെന്ന് മൂസാ നബി ഭയപ്പെട്ടതായി വ്യക്തമാകുന്നുണ്ട്.

لَوْ شِئْتَ أَهْلَكْتَهُم مِّن قَبْلُ وَإِيَّـىَ (നീ ഉദ്ദേശിച്ചിരുന്നുവെങ്കിൽ മുമ്പേ അവരെയും എന്നെയും നശിപ്പിക്കുമായിരുന്നു) എന്ന വാക്യത്തിലൂടെ മൂസാ നബി ബോധിപ്പിക്കുന്നതിതാണ്: നിനക്കു വേണമെങ്കിൽ ഞാനടക്കമുള്ള നിന്റെ അടിമകളെ എപ്പോഴോ നശിപ്പിച്ചുകളയാമായിരുന്നു. പക്ഷേ നീ ഞങ്ങളിൽ കരുണ ചൊരിഞ്ഞു. ഞങ്ങളെ ഈജിപ്തിലെ പീഡനത്തിൽനിന്നും അടിമത്തത്തിൽനിന്നും അത്ഭുതകരമായി രക്ഷപ്പെടുത്തി സീനായിൽ ഒരു സ്വതന്ത്ര സമൂഹമായി പാർപ്പിച്ചു. ഞങ്ങൾക്കു വേണ്ട മാർഗനിർദേശങ്ങളും വിഭവങ്ങളും പ്രദാനം ചെയ്തു. ഇങ്ങനെ നശിപ്പിക്കാനായിരുന്നുവോ അത്യധികമായ ദയവും കാരുണ്യവും ചൊരിഞ്ഞുകൊണ്ട് ഞങ്ങളെ ഇതുവരെ കൊണ്ടെത്തിച്ചത്. നശിപ്പിക്കാനായിരുന്നുവെങ്കിൽ ഈജിപ്തിൽ വെച്ചുതന്നെ അതാവാമായിരുന്നുവല്ലോ. ഞങ്ങളിൽ നിന്റെ കരുണാകടാക്ഷം പതിക്കുകയും നിന്റെ കൽപന പ്രകാരം ഞങ്ങളിവിടെ ഹാജരാവുകയും ചെയ്ത ഈ സന്ദർഭത്തിൽ ഞങ്ങളെ നശിപ്പിച്ചുകളയുകയാണെങ്കിൽ അത് നിന്റെ കാരുണ്യത്തോടും ദയാവായ്പിനോടും ഇണങ്ങുന്നതല്ല.

ഞങ്ങളുടെ കൂട്ടത്തിൽ കുറേ മൂഢന്മാരുണ്ട്. അവർ മഹാപരാധം പ്രവർത്തിച്ചുവെന്നത് ശരിയാണ്. പക്ഷേ, കുറേ സജ്ജനങ്ങളും ഈ സമുദായത്തിലുണ്ടല്ലോ. മൂഢന്മാർ ചെയ്ത അപരാധത്തിന്റെ പേരിൽ നിരപരാധരായ സജ്ജനം ഉൾപ്പെടെ സമുദായത്തെ മുഴുവൻ നശിപ്പിക്കുന്നത് നിന്റെ അപാരമായ നീതിക്കും യുക്തിക്കും നിരക്കുന്നതാണോ എന്നാണ് أَتُهْلِكُنَا بِمَا فَعَلَ ٱلسُّفَهَآءُ എന്ന വാക്യത്തിന്റെ താൽപര്യം.

ജനങ്ങളുടെ ഗോപൂജ നിന്റെ പരീക്ഷണമായിരുന്നു എന്ന് മൂസാ(അ) അല്ലാഹുവിനോട് ബോധിപ്പിക്കുന്നതിന്റെ താൽപര്യമിതാണ്: ഇസ്രായേൽ സമൂഹത്തിൽ സംഭവിച്ചത് അല്ലാഹുവിന്റെ പരീക്ഷണം തന്നെയായിരുന്നു. അല്ലാഹുവിന്റെ തന്നെ ഉതവി ലഭിച്ചവർക്കേ അവന്റെ പരീക്ഷണത്തെ വിജയകരമായി തരണം ചെയ്യാനാകൂ. അല്ലാഹുവിന്റെ ഉതവി ലഭിച്ചവർ ആ പരീക്ഷണത്തിൽ ജയിക്കുകയും സന്മാർഗം നേടുകയും ചെയ്തിട്ടുണ്ട്. അവന്റെ തൗഫീഖ് ലഭിക്കാത്തവർ തോൽക്കുകയും വഴിതെറ്റുകയും ചെയ്തു. ഇക്കാര്യം ഖുർആൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. അല്ലാഹു ഇഛിക്കുന്നവരെ സന്മാർഗത്തിലാക്കുന്നു, അവനിഛിക്കുന്നവരെ മാർഗഭ്രംശത്തിലാക്കുന്നു എന്നു പറയുമ്പോഴൊക്കെ അർഥമാക്കുന്നത് ഇതുതന്നെയാണ്. സന്മാർഗവും ദുർമാർഗവും, അവയുടെ നിയമങ്ങളും സൃഷ്ടിച്ചത് അല്ലാഹുവാണ്. അതിലേതെങ്കിലുമൊന്ന് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും തെരഞ്ഞെടുത്തത് കൈക്കൊള്ളാനുള്ള ഉപാധികളും മനുഷ്യന് നൽകിയതും അല്ലാഹുവാണ്. ഈ യാഥാർഥ്യം വളരെ വിനീതമായും സൂക്ഷ്മമായും ബോധിപ്പിക്കുകയാണ് മൂസാ(അ): 'നാഥാ, ഞങ്ങളുടെ സമൂഹത്തിൽ കാളക്കിടാവ് വാർക്കപ്പെട്ടത് നീ അറിയാതെയല്ല. നീ ഒരുക്കിയ മാർഗങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും തന്നെയാണതുണ്ടായത്. അതിനെ ആരാധിക്കാനുള്ള സ്വാതന്ത്ര്യവും കഴിവും ആളുകൾക്കു നൽകിയതും നീ തന്നെ. നിന്റെ ഈ പരീക്ഷണത്തെ ജയിക്കുക അത്ര എളുപ്പമുള്ള കാര്യമല്ലല്ലോ.' ജനത്തിന്റെ ചെയ്തിയുടെ ഉത്തരവാദിത്വം അല്ലാഹുവിലാരോപിക്കുകയല്ല പ്രവാചകൻ ചെയ്യുന്നത്. അധർമവും അസത്യവും സ്വയം തെരഞ്ഞെടുക്കുന്നവരെയാണ് അല്ലാഹു ദുർമാർഗത്തിലാക്കുക. وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ (അധർമകാരികളെ അല്ലാഹു മാർഗദർശനം ചെയ്യുന്നില്ല- 3:86). وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْكَـٰفِرِينَ (സത്യനിഷേധികളെ അല്ലാഹു മാർഗദർശനം ചെയ്യുന്നില്ല- 2:264). ഇക്കാര്യം മൂസാ(അ)ക്ക് നന്നായറിയാം. സന്മാർഗലബ്ധി നിന്നിൽനിന്നുള്ള ഉതവിയെ ആശ്രയിച്ചിരിക്കുന്നതിനാൽ തങ്ങൾക്ക് മാപ്പു തരേണ്ടതും നീ തന്നെയാണ് എന്നുണർത്തുകയാണ്. നീ മാത്രമാണ് ഞങ്ങളെ ശിക്ഷിക്കാനും രക്ഷിക്കാനും അധികാരമുള്ളവൻ. അതുകൊണ്ട് ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളുടെ മേൽ കരുണ ചൊരിയുകയും ചെയ്യേണം. ഏറ്റവും നന്നായി പൊറുക്കുന്നവൻ നീ തന്നെയാണ്. خَيْرُ ٱلْغَـٰفِرِينَ എന്നാണ് മൂലവാക്യം. ഉത്തമമായത്, നന്മ, ഐശ്വര്യം, സമൃദ്ധി എന്നീ അർഥങ്ങളിൽ خير ഉപയോഗിക്കും. എല്ലാ അർഥങ്ങളും ഇവിടെ സാധുവാകുന്നു. എല്ലാം ഉദ്ദേശ്യവുമാകാം. മനുഷ്യന്റെ തെറ്റുകുറ്റങ്ങൾ അല്ലാഹുവിനോളം പൊറുക്കുന്ന മറ്റാരുമില്ല. അല്ലാഹുവിനെപ്പോലെ നന്നായി പൊറുക്കുന്നവരും ആരുമില്ല. മനുഷ്യർ മനുഷ്യർക്ക് പൊറുത്തുകൊടുക്കുന്നതിന് ധനം, പദവി, പ്രശസ്തി എന്നിങ്ങനെ എന്തെങ്കിലും പ്രേരകങ്ങളുണ്ടായിരിക്കും. അല്ലാഹു മനുഷ്യർക്ക് പൊറുത്തുകൊടുക്കുന്നത് അത്തരം യാതൊരാനുകൂല്യവും പ്രതീക്ഷിച്ചുകൊണ്ടല്ല. മനുഷ്യരോടുള്ള അവന്റെ ദയയുടെയും ദാക്ഷിണ്യത്തിന്റെയും താൽപര്യം മാത്രമാണത്.

ഒരു മഹാപരാധത്തിനു മാപ്പിരക്കുന്ന ഈ സന്ദർഭത്തിലും മൂസാ(അ) പാരത്രിക നന്മയോടൊപ്പം ഭൗതികനന്മക്കു വേണ്ടിയും പ്രാർഥിക്കുന്നു. എന്നല്ല, ഭൗതിക നന്മയാണ് അദ്ദേഹം ആദ്യം ചോദിക്കുന്നത്. ഭൗതികമായ നന്മകളെ ഖുർആൻ എന്ന പോലെ പൂർവവേദങ്ങളും നിസ്സാരമായോ വർജ്യമായോ കണ്ടിരുന്നില്ല. തന്റെ സമുദായത്തെ എല്ലാ വിധ ശിക്ഷകളിൽനിന്നും മുക്തരാക്കണമെന്നും അവർക്കെല്ലാവർക്കും ഇഹത്തിലും പരത്തിലും സന്മാർഗവും ശക്തിയും സൗഭാഗ്യവുമരുളേണമെന്നുമായിരുന്നു മൂസാ(അ)യുടെ പ്രാർഥന. അതിനു നൽകുന്ന മറുപടി ശിക്ഷ ഞാനുദ്ദേശിക്കുന്നവർക്കൊക്കെ ലഭിക്കുകതന്നെ ചെയ്യുമെന്നും എന്നാൽ എന്റെ കാരുണ്യം എല്ലാവരെയും ഉൾക്കൊള്ളുന്നുവെന്നും ദൈവഭക്തരായി ജീവിക്കുന്നവരുടെ പേരിൽ എന്റെ കാരുണ്യം എഴുതിവെച്ചിരിക്കുന്നുവെന്നുമാണ്. ഞാനുദ്ദേശിക്കുന്നവരെ ശിക്ഷ ബാധിക്കുമെന്നു പറഞ്ഞതിനർഥം നൈതിക താൽപര്യങ്ങളൊന്നും പരിഗണിക്കാതെ എനിക്ക് തോന്നുന്നവരെയൊക്കെ

ഞാൻ ശിക്ഷിക്കും എന്നല്ല. അല്ലാഹുവിന്റെ ഉദ്ദേശ്യം-مشيئة- യുക്തിയിലും നീതിയിലും അധിഷ്ഠിതമായ അവന്റെ നടപടി ക്രമം-سنة- തന്നെയാണ്. തന്റെ നടപടിക്രമമനുസരിച്ച് ശിക്ഷാർഹരായിത്തീർന്നവരെ ശിക്ഷിക്കുമെന്നാണ് അല്ലാഹു പറയുന്നത്. അതാണ് സത്യത്തിന്റെയും നീതിയുടെയും താൽപര്യം. എന്നാൽ അല്ലാഹുവിന്റെ കാരുണ്യം ശിക്ഷാർഹരെയും രക്ഷാർഹരെയും ഉൾക്കൊള്ളുന്നതാണ്. എല്ലാവർക്കും അസ്തിത്വം ലഭിച്ചത് അവന്റെ ഔദാര്യത്താലാണ്. ധനികന്നും ദരിദ്രന്നും രാജാവിനും പ്രജക്കും പണ്ഡിതന്നും പാമരന്നും വിശ്വാസിക്കും അവിശ്വാസിക്കുമെല്ലാം അവരുടെ കഴിവുകളും വിഭവങ്ങളും നൽകിയതവനാണ്. ഈ ലോകത്ത് സകല സൃഷ്ടികൾക്കും അല്ലാഹുവിന്റെ ഈ കാരുണ്യം, അവൻ നിശ്ചയിക്കുന്ന അളവിലും ക്രമത്തിലും ലഭിച്ചുകൊണ്ടിരിക്കും. പക്ഷേ പരലോകത്ത് അവന്റെ കാരുണ്യത്തിനു വിധിക്കപ്പെടുക, ഈ ലോകത്ത് അവനോട് ഭക്തി പുലർത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്ന, അവന്റെ ദൃഷ്ടാന്തങ്ങളിലും സൂക്തങ്ങളിലും വിശ്വസിക്കുന്നവർക്കു മാത്രമായിരിക്കും. للذين يتقون ويؤتون الزكوة ويؤمنون بآياتنا (ഭക്തിയോടെ വാഴുകയും സകാത്ത് കൊടുക്കുകയും നമ്മുടെ സൂക്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക്) എന്നു പറയുന്നതിനു പകരം وَٱلَّذِينَ هُم بِـَٔايَـٰتِنَا يُؤْمِنُونَ .... (....നമ്മുടെ സൂക്തങ്ങളിൽ വിശ്വസിക്കുന്നവരും അവർതന്നെ) എന്നു പറഞ്ഞതിൽ ചില ധ്വനികളുണ്ട്. ഒന്ന്, പരലോകത്ത് ദൈവകാരുണ്യത്തിന് അർഹരാവുക ഈ ലോകത്ത് അവന്റെ സൂക്തങ്ങളംഗീകരിക്കുകയും അതിലെ വിധിവിലക്കുകളനുസരിക്കുകയും ചെയ്യുന്നവർ മാത്രമാണ്. രണ്ട്, യഥാർഥമായ ഭക്തിയും സകാത്ത് ദാനവും ദൈവിക സൂക്തങ്ങളിലുള്ള വിശ്വാസത്തിൽനിന്നുളവാകുന്നതാണ്. ആ വിശ്വാസമില്ലാത്തവരുടെ ഭക്തിയും ദാനവും കാപട്യമായിരിക്കും. ഭാവിയിൽ വരാനിരിക്കുന്ന പ്രവാചകന്മാരിൽ വിശ്വസിച്ചുകൊള്ളാമെന്ന് ഇസ്രാഈല്യർ ചെയ്തിട്ടുള്ള കരാറിലേക്കുള്ള സൂചനയും ഇതുൾക്കൊള്ളുന്നുവെന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി അഭിപ്രായപ്പെട്ടിരിക്കുന്നു. സൂറഃ *ആലു ഇംറാൻ* 81-ാം സൂക്തവും *അൽമാഇദ* 12-ാം സൂക്തവും ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പറയുന്നു. ഈ സൂക്തങ്ങളിൽ പറഞ്ഞ കരാറിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് മൂസായുടെ പ്രാർഥനക്കുള്ള മറുപടിയിൽ وَٱلَّذِينَ هُم بِـَٔايَـٰتِنَا يُؤْمِنُونَ എന്നു പറയുന്നത്. അതിന്റെ താൽപര്യമിതാണ്: എന്റെ ശാശ്വതമായ പാരത്രിക സ്നേഹത്തിന് അർഹരാകുന്നത്, ഞാനുമായി ചെയ്ത കരാർ പാലിക്കുന്നവർ, എന്റെ നിയമവ്യവസ്ഥകളെ -شريعة- നിലനിർത്തുകയും വരാനിരിക്കുന്ന പ്രവാചകന്മാരെ പിന്തുണക്കുകയും, അക്കൂട്ടത്തിൽപെട്ട അന്ത്യപ്രവാചകനെ കലവറയില്ലാതെ വിശ്വസിക്കുകയും സഹായിക്കുകയും സേവിക്കുകയും ചെയ്യുന്നവർ മാത്രമായിരിക്കും. ഇന്ന് ഈ ഉപാധികൾ പൂർത്തീകരിച്ചവരാരാണെന്നാണ് അടുത്ത സൂക്തത്തിൽ വ്യക്തമാക്കുന്നത്.

ഈ സൂക്തങ്ങളിൽ പരാമർശിക്കുന്ന സംഭവത്തെ ചില വ്യാഖ്യാതാക്കൾ മൂസാ(അ) വേദഫലകങ്ങൾ സ്വീകരിക്കാൻ ആദ്യവട്ടം സീനായിലേക്ക് പോയപ്പോൾ നടന്നതായി വിശദീകരിച്ചിട്ടുണ്ട്. അന്നും അദ്ദേഹത്തോടൊപ്പം ഇസ്രായേൽ സമുദായത്തിന്റെ പ്രതിനിധികളുണ്ടായിരുന്നു. താൻ അല്ലാഹുവുമായി സംസാരിക്കുന്നതിനും വേദം സ്വീകരിക്കുന്നതിനും സാക്ഷികളാകാനാണ് അല്ലാഹുവിന്റെ നിർദേശപ്രകാരം അവരെ കൂടെക്കൊണ്ടുപോയത്. മൂസാ നബിയോട് അല്ലാഹു സംസാരിക്കുകയും വേദം നൽകുകയും ചെയ്യുന്നതിന് അവർ സാക്ഷികളാവുകയും ചെയ്തു. ഞങ്ങൾക്ക് ഇതൊന്നും പോരാ, അല്ലാഹുവിനെ നേരിട്ടു കാണുകതന്നെ വേണം -أَرِنَا ٱللَّهَ جَهْرَةً- എന്ന് അപ്പോൾ അവരാവശ്യപ്പെടുകയുണ്ടായി. ധിക്കാരപരമായ ഇത്തരമൊരാവശ്യം ഉന്നയിച്ചതിന്റെ പേരിൽ അല്ലാഹു അവരെ ഒരു ഉഗ്രൻ കിടിലത്തിലൂടെ ശിക്ഷിക്കുകയായിരുന്നു. എല്ലാവരും മരിച്ചുവീണു. പിന്നെ മൂസാ നബിയുടെ പ്രാർഥന സ്വീകരിച്ച് അല്ലാഹു എല്ലാവരെയും പുനരുജ്ജീവിപ്പിക്കുകയായിരുന്നു. എന്നാൽ പ്രകൃതസൂക്തങ്ങൾ പരാമർശിക്കുന്ന സംഭവം ഇസ്രാഈല്യരുടെ ഗോപൂജക്കുശേഷം നടന്നതാണെന്ന അഭിപ്രായമാണ് പ്രബലമായിട്ടുള്ളത്. പൂർവികരിൽ ഇമാം സുദ്ദിയും ആധുനികരിൽ ഉസ്താദ് റശീദ് രിദാ, മുഹമ്മദ് മുതവല്ലി ശഅ്റാവി, മൗലാനാ മൗദൂദി, അമീൻ അഹ്സൻ ഇസ്‌ലാഹി തുടങ്ങിയ ഖുർആൻ വ്യാഖ്യാതാക്കളും ഈ അഭിപ്രായക്കാരാണ്.

മൂസാ നബിയുടെ രണ്ടു സീനാ യാത്രയിലും ഇസ്രായേലീ പ്രതിനിധികളെ കൂടെക്കൊണ്ടുപോയതായി ബൈബിൾ പറയുന്നില്ല. പത്തു കൽപന സ്വീകരിക്കുന്ന വേളയിൽ ദൈവത്തെ ദർശിക്കാൻ ജനങ്ങളെ കൂടാരത്തിൽനിന്ന് പുറത്തു കൊണ്ടുവന്നതായി പറയുന്നുണ്ട്. അപ്പോൾ അത്യുച്ചത്തിൽ കാഹളം മുഴങ്ങിയതായും പർവതം ശക്തിയായി കുലുങ്ങിയതായും അത് കനത്ത മേഘത്താലും പുകപടലത്താലും മൂടിയതായും വിവരിച്ചിരിക്കുന്നു (പുറപ്പാട് 19:16-20). بِمَا فَعَلَ ٱلسُّفَهَآءُ (മൂഢന്മാർ പ്രവർത്തിച്ചതിനു) എന്ന വാക്യം ഈ സംഭവം ഗോപൂജക്കുശേഷം നടന്നതാണെന്ന് സ്ഥിരീകരിക്കുന്നുവെന്നാണ് അല്ലാമാ ശഅ്റാവിയുടെ നിലപാട്. ഗോപൂജയാണ് മൂഢന്മാർ പ്രവർത്തിച്ച കുറ്റം. ആദ്യ സന്ദർഭത്തിൽ അല്ലാഹുവിനെ കാണണം എന്നാവശ്യപ്പെട്ടത് പ്രവൃത്തിയല്ല, വാക്കാണ്. അതാകട്ടെ മൂഢന്മാരിൽനിന്നു മാത്രം ഉണ്ടായതുമല്ല. മൂസാ നബി തന്നെ ആ ആവശ്യം ഉന്നയിച്ചതാണല്ലോ. ■